സ്പോർട്ട്സിൽ സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള ഗവണ്മെന്റു സ്കോളർഷിപ്പ്

* 438. [33] ശ്രീ. കെ. അവുക്കാദർകുട്ടി നഹ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പോർട്ട്സിൽ സമർത്ഥരായിട്ടുള്ള എത്ര വിദ്യാർത്ഥികളെയാണു് ഗവണ്മെന്റു സ്കോളർഷിപ്പിനു് ഇക്കൊല്ലം തിരഞ്ഞെടുത്തിട്ടുള്ളതു് ;

(ബി) ഇവരിൽ ഓരോ ജില്ലയിൽനിന്നും തിരഞ്ഞെടുക്കപ്പെട്ടവർ എത്ര ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 92.

(ബി) ജില്ലാ അടിസ്ഥാനത്തിലല്ല തിരഞ്ഞെടുക്കപ്പെട്ടതു്. ആകെയുള്ള അപേക്ഷകരിൽനിന്നും അവർ സ്പോർട്ട്സിൽ കാണിച്ച സാമർത്ഥ്യത്തെ മാത്രം ആസ്പദമാക്കിയാണു്, സ്കോളർഷിപ്പിനു് തിരഞ്ഞെടുപ്പു നടത്തിയതു്. അതുകൊണ്ടു് കൂടുതൽ ഏതേതു് ജില്ലകളിൽപ്പെട്ടവരാണെന്നുള്ള വിവരം ശേഖരിച്ചിട്ടില്ല.

New State Transport Bus Service

* 439. [35] **Shri Mohsin Bin Ahmed :** Will the Minister for Transport be pleased to state :

(a) have the Government any proposal to start Government Transport service between important places in the Malabar and Cochin area ;

(b) is there any proposal to start services between—

(1) Manjeri and Parappanangadi via. Malappuram

(2) Perinthalmanna and Parappanangadi via. Valanchery and Edarikode

(3) Perinthalmanna and Parappanangadi via. Malappuram

(4) Manjeri and Tirur

(5) Trichur and Triprayar

(6) Parappanangadi and Kozhikode via. Malappuram ; and

(c) if so, when will these proposals come into effect ?

Minister for Transport and Labour (**Shri K. T. Achuthan**) :

(a) There is no proposal now to start transport services between the important places in the Malabar and the Cochin areas.

(b) No.

(c) The question does not arise.

വെൽഫെയർ സ്കൂളുകൾ

* 440. [38] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെന്റിൽ ഉള്ള വെൽഫെയർ സ്കൂളുകൾ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിലേക്കു് വിട്ടുകൊടുക്കുന്നതിനു് ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഏതൊക്കെല്ലാം സ്ലൂകൾ ;

(സി) ഈ നടപടി എന്നത്തേക്ക് പൂർത്തിയാകും ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

(എ) ചില സ്ലൂകൾ വിട്ടുകൊടുക്കുവാൻ ഉദ്ദേശമുണ്ട്.

(ബി) അവയുടെ † ലിസ്റ്റ് മേശപ്പുറത്തു വെച്ചിട്ടുണ്ട്.

(സി) സൂക്ഷ്മമായി പറയാൻ നിവൃത്തിയില്ല.

ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിലെ കണ്ടക്ടർമാരും ഡ്രൈവറന്മാരും

* 441. [39] ശ്രീ. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിൽ എത്ര തൊഴിലാളികളെ ഡെയിലി ശമ്പളത്തിൽ എടുത്തിട്ടുണ്ട് ;

(ബി) കണ്ടക്ടർ എത്ര ; ഡ്രൈവറന്മാർ എത്ര ;

(സി) രണ്ടും മൂന്നും കൊല്ലമായിട്ടും ഇവരെ എന്തുകൊണ്ട് സ്ഥിരപ്പെടുത്തുന്നില്ല ;

(ഡി) ഡെയിലി ശമ്പളത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് ആഴ്ചയിൽ രണ്ടും മൂന്നും ദിവസംമാത്രമെ ജോലി ലഭിക്കുന്നുള്ള എന്നുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ കെ. ററി. അച്യുതൻ) :

(എ) 603 തൊഴിലാളികളെ എടുത്തിട്ടുണ്ട്.

(ബി) കണ്ടക്ടർ — 532
ഡ്രൈവർ — 71

(സി) സ്ഥിരം തസ്തികകളിൽ ഒഴിവില്ലാത്തതുകൊണ്ട് സ്ഥിരപ്പെടുത്തിയിട്ടില്ല.

(ഡി) മാസം തോറും ശരാശരി 20–25 ദിവസം ജോലി ലഭിക്കുന്നുണ്ട്.

സ്റ്റേറ്റു കോട്ടായിൽ ലഭിക്കുന്ന കാറുകൾ

* 442. [42] ശ്രീ. എസ്. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1960 ജനുവരി മുതൽ 1964 ജനുവരി വരെയുള്ള കാലഘട്ടത്തിൽ സ്റ്റേറ്റു കോട്ടായിൽ എത്ര കാർ ലഭിക്കുകയുണ്ടായി ;

(ബി) പ്രസ്തുത കാറുകൾ ആർക്കെല്ലാമാണ് കൊടുത്തത് ;

(സി) സ്റ്റേറ്റു കോട്ടായിൽ ലഭിക്കുന്ന കാറുകൾ കൊടുക്കുന്നതിന് എന്തു മാനദണ്ഡമാണ് ഗവണ്മെന്റ് സ്വീകരിച്ചിട്ടുള്ളത് ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) 1960 ജനുവരി മുതൽ 1964 ജനുവരി വരെയുള്ള കാലഘട്ടത്തിൽ സ്റ്റേറ്റു കോട്ടായിൽ നിന്നും വിവിധ ഇനങ്ങളിലായി 199 കാറുകൾ ലഭിച്ചിട്ടുണ്ട്.

† Appendix V.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX V

[*Please see answer to starred question No.* 440 (38)]

ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറിൽനിന്നും എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിലേക്കു വിട്ടുകൊടുക്കാനുദ്ദേശിക്കുന്ന സ്കൂളുകൾ

1 ടൈമ്പൽ സ്കൂൾ കട്ടമല, നെയ്യാറിൻകര താലൂക്ക് തിരുവനന്തപുരം. ഡിസ്ട്രിക്റ്റ്.

2 വെൽഫയർ സ്കൂൾ മരുതാമല, നെടുമങ്ങാട് താലൂക്ക് ..

3 .. വിളങ്ങര, കൊട്ടാരക്കര താലൂക്ക്, കൊല്ലം

4 .. ആനമൺ ..

5 .. കുളക്കട കിഴക്കു് ..

6 .. അമ്പലപ്പുറം ..

7 .. തേവലപ്പുറം ..

8 .. ചിറ്റാക്കോട് ..

9 .. മുട്ടപ്പള്ളി, കാഞ്ഞിരപ്പള്ളി, കോട്ടയം.

10 .. നന്നുവക്കാട്, പത്തനംതിട്ട, കൊല്ലം

11 .. ചാത്തൻതറ ..

12 .. പണയവയൽ, കാഞ്ഞിരപ്പള്ളി, കോട്ടയം.

13 .. താന്നിത്തോട്, പത്തനംതിട്ട, കൊല്ലം.

14 .. ആവണീശ്വരം, പത്തനാപുരം ..

15 .. പണയം ..

16 .. അരുവിത്തറ ..

17 .. കണ്ടൻചിറ ..

18 .. പട്ടാഴിത്താഴത്തു് വടക്കു് ..

19 .. എലങ്ങമംഗലം, കുന്നത്തൂർ ..

20 .. കരുവാറ്റാ, കാർത്തികപ്പള്ളി, ആലപ്പുഴ

21 .. നെടുംകാവു് വയൽ, കാഞ്ഞിരപ്പള്ളി, ആലപ്പുഴ

22 .. കുവക്കാവു് ..

23 .. തോട്ടക്കാട്, ചങ്ങനാശ്ശേരി താലൂക്കു്, കോട്ടയം.

24 .. തലപ്പുളം, മീനിച്ചൽ താലൂക്കു് ..

25 .. കുറുകച്ചാൽ, ചങ്ങനാശ്ശേരി ..

26 .. ഈഞ്ചപ്പുരി, നെടുമങ്ങാട്, തിരുവനന്തപുരം.

27 ഒലവക്കോട് പാലക്കാട് താലൂക്കു്, പാലക്കാട്.

LIBRARY ARCHIVES Kerala Legislative Assembly